24 (*110) സ്വാശ്രയ കോളേജുകൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) യൂണിവേഴ്സിറ്റികൾ, ഐ.എച്ച്.ആർ.ഡി.ഇ., എൽ.ബി.എസ്., സഹകരണമേഖല എന്നിവയിൽ ഓരോന്നിലും ഏതെല്ലാം സ്ഥാപനങ്ങൾ തുടങ്ങിയെന്നും ഫീസ് ഈടാക്കുന്നതിലും അഡ്മിഷൻ കാര്യത്തിലും എന്തെല്ലാം വ്യവസ്ഥകളാണ് ഈ സ്ഥാപനങ്ങൾക്ക് ബാധകമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഗവൺമെന്റ്, അർദ്ധഗവൺമെന്റ് സഹകരണമേഖലകളിൽ മാത്രം സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ

1. കല്ലൂപ്പാറ - പത്തനംതിട്ട ജില്ല
2. വടകര - വടകര ജില്ല
3. പുളിങ്കുന്ന് - ആലപ്പുഴ ജില്ല
4. തൊടുപുഴ - ഇടുക്കി ജില്ല

കൂടാതെ പട്ടുവം (തളിപ്പറമ്പ്) മല്ലപ്പള്ളി (പത്തനംതിട്ട) എന്നിവിടങ്ങളിൽ ഓരോ കോളേജ് ഓഫ് അപ്ലൈഡ് സയൻസും, കോടതിവിധിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ വടക്കേവിളയിൽ സഹകാര്യമേഖലയിൽ ഒരു ട്രെയിനിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്.

(സി) എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ തൊടുപുഴയിലും കൊച്ചി സർവ്വകലാശാലയുടെ കീഴിൽ ആലപ്പുഴയിലെ പുളിങ്കുന്നത്തും ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറയിലും സഹകരണമേഖലയിൽ വടകരയിലും ഓരോ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങി. ഐ.എച്ച്.ആർ.ഡി.ഇ. യുടെ കീഴിൽ തളിപ്പറമ്പ്, മല്ലപ്പള്ളി എന്നിവിടങ്ങളിൽ ഓരോ അപ്ലൈഡ് സയൻസ് കോളേജുകളും തുടങ്ങി. എഞ്ചിനീയറിംഗ് കോളേജുകളിൽ (കൊച്ചി സർവകലാശാലയുടെതൊഴികെ) സർക്കാർ നിശ്ചയിക്കുന്ന ഫീസാണ് ഫ്രീ/പെയ്മെന്റ് എൻ.ആർ.ഐ. സീറ്റുകളിൽ പ്രവേശനം തേടുന്ന വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്. പേയ്മെന്റ് സീറ്റുകളിൽ പ്രതിവർഷം 25,000/-രൂപ ഫീസും 4 വർഷത്തിനു ശേഷം പലിശയില്ലാതെ തിരികെ ലഭിക്കുന്ന വിധത്തിൽ ഒരു വർഷം രൂപ ഡെപ്പോസിറ്റും നൽകണം. എൻ.ആർ.ഐ. വിഭാഗത്തിലുള്ള കുട്ടികൾ 5000 യു.എസ്. ഡോളർസ് ഡവലപ്പ്മെന്റ് ചാർജായും 25,000/- രൂപ പ്രതിവർഷ ഫീസായും നൽകണം. എന്നാൽ കൊച്ചി സർവകലാശാലയുടെ കോളേജിൽ സെമസ്റ്റർ ഒന്നിന് 20,000/- രൂപ (ഇരുപതിനായിരം രൂപമാത്രം) വീതവും 10% വരുന്ന ഫ്രീ സീറ്റുകളിൽ സെമസ്റ്ററിന് 5000/- (അയ്യായിരം രൂപ മാത്രം)

LIBRARY ARCHIVES Kerala Legislative Assembly

വീതവും വിദ്യാർത്ഥികൾ നൽകണം. നാല് എഞ്ചിനീയറിംഗ് കോളേജുകളിലും എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ട്. കൊച്ചി സർവകലാശാലയുടെ എഞ്ചിനീയറിംഗ് കോളേജ് ഒഴികെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്.

ഐ.എച്ച്.ആർ.ഡി.യുടെ അപ്ലൈഡ് സയൻസ് കോളേജുകളിൽ സെമസ്റ്ററിന് 7500/-രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)യും കോഷൻ ഡിപ്പോസിറ്റായി 5000/- രൂപ(അയ്യായിരം രൂപ) വാങ്ങുന്നു. യോഗ്യതാ പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. കൊല്ലത്തെ സ്വാശ്രയ ട്രെയിനിംഗ് കോളേജിൽ പ്രതിവർഷം 10,000/-രൂപയാണ് ഫീസ്.

25 (*111) എസ്.സി. ഇ.ആർ.ടി. സ്കൂൾ പാഠ്യപദ്ധതിക്ക് സമീപന രേഖ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.റ്റി. സ്കൂൾ പാഠ്യപദ്ധതിക്ക് ഒരു സമീപന രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ സവിശേഷതകൾ എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സമീപന രേഖ പൊതു ചർച്ചയ്ക്ക് വിധേയമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഒരു കരട് സമീപനരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രീപ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ മുന്നോടിയായാണ് എസ്.സി. ഇ.ആർ.റ്റി. കരട് വിദ്യാഭ്യാസ സമീപന രേഖ തയ്യാറാക്കിയിട്ടുള്ളത്. കരിക്കുലവുമായി ബന്ധപ്പെടുത്തി സിലബസ്, ബോധന സമ്പ്രദായം, മൂല്യനിർണ്ണയം തുടങ്ങിയവയിലെല്ലാം എപ്രകാരമുള്ള മാറ്റമാണ് അഭികാമ്യമെന്ന് പ്രസ്തുത കരട് രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ കരിക്കുലത്തിലെ പ്രധാന ഘടകങ്ങളും, കേരളത്തിന്റെ സവിശേഷതകളും എങ്ങനെ വിദ്യാഭ്യാസ പ്രക്രിയയിൽ, ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തണമെന്നതിനെ കുറിച്ച് ഒരു മാർഗ്ഗനിർദ്ദേശമാണ് സമീപന രേഖകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത രേഖയിൽ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

1. പാഠ്യപദ്ധതി വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാക്കുക.

2. 'എന്തു പഠിക്കുന്നു' എന്നതിനോടൊപ്പം 'എങ്ങനെ പഠിക്കുന്നു' എന്നതിനു കൂടി ഊന്നൽ നൽകുക.

1018/2010.

LIBRARY ARCHIVES Kerala Legislative Assembly